**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **12-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷനുകൾക്കുള്ള കേന്ദ്ര, സംസ്ഥാന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമ പെൻഷനുകൾക്കുള്ള സംസ്ഥാന വിഹിതം കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുവേണ്ടി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ സർക്കാർ അനുവദിച്ച ബഡ്ജറ്റ് വിഹിതം സംബന്ധിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. വർഷം ബഡ്ജറ്റ് വിഹിതം (തുക കോടി രൂപയിൽ) 2016-17 5128.63 2017-18 5666.21 2018-19 3578 2018-19 സാമ്പത്തിക വർഷത്തിൽ, 2018 ആഗസ്റ്റ് മുതൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേനയാണ് വിതരണം ചെയ്യുന്നത്. 2019-20 3354 2020-21 12950.07 കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (2016-21) 34,504.19 കോടി രൂപ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ക്ഷേമ പെൻഷനുകളുടെ കാര്യത്തിൽ മതിയായ കേന്ദ്ര വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. സാമൂഹ്യ സുരക്ഷാ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ പെൻഷൻ ഇനങ്ങൾക്കാണ് കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നത്. സംസ്ഥാനത്ത് 5107991 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ഉള്ളതിൽ 688329 ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ 710585 ആണ്. ഇതിന് യാതൊരുവിധ കേന്ദ്രസഹായവും ലഭിക്കുന്നില്ല. നിലവിൽ കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | സാമ്പത്തിക പ്രതിസന്ധിയിലും ക്ഷേമ പെൻഷനുകൾ സർക്കാരിന്റെ സാമൂഹിക | (സി) | സാമ്പത്തിക പ്രതിസന്ധിയിലും ക്ഷേമ പെൻഷനുകൾ സർക്കാരിന്റെ സാമൂഹിക ഉത്തരവാദിത്തമായി പരിഗണിച്ച് ആവശ്യമായ |

| | | | |
|---|---|---|---|
| | ഉത്തരവാദിത്തമായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | | നടപടികൾ സ്വീകരിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷനുകൾ 01.04.2020 മുതൽ 1300/- രൂപയായും, 01.09.2020 മുതൽ 1400/- രൂപയായും 01.01.2021 മുതൽ 1500/- രൂപയായും , 01.04.2021 മുതൽ 1600/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2020 സെപ്റ്റംബർ മാസം മുതൽക്ക് സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷനുകൾ അതാത് മാസം അനുവദിച്ച വിതരണം ചെയ്തുവരുന്നു. 2021 സെപ്റ്റംബർ വരെയുള്ള പെൻഷൻ ഇതിനകം അനുവദിച്ച വിതരണം ചെയ്തു വരുന്നു. |
| (ഡി) | ഗാർഹിക തൊഴിലാളി പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നീ ഇനങ്ങളിൽ കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഗാർഹിക തൊഴിലാളി പെൻഷൻ, അൻപത് വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നീ ഇനങ്ങളിൽ കേന്ദ്ര വിഹിതം ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം (രൂപ) | പ്രതിമാസ കേന്ദ്ര വിഹിതം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 80 വയസ്സിന് താഴെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ) | 1300 | 300 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) | 1100 | 500 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1600 | ഇല്ല | 1600 |
| | 40 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ | 1300 | 300 | 1600 |
| | 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | ഇല്ല | 1600 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1600 | ഇല്ല | 1600 |